കൈപ്പറ്റിയില്ല എങ്കിൽ നഗരസഭക്ക് ആയത് നശിപ്പിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും.

7) മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് കരാർ വ്യവസ്ഥയിൽ കരാറുകാരെ സെക്രട്ടറിക്ക് ചുമതലപ്പെടുത്താവുന്നതും അങ്ങനെ ചുമതലപ്പെടുത്തുന്ന കരാറുകാരൻ കരാറിന്റെ കാലാവധി തീരുന്നത് വരെ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിന് ഉള്ള കാര്യങ്ങൾ ചെയ്യുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

8) A) മുനിസിപ്പാലിറ്റിയുടെ ശ്മശാനമോ, ശവപ്പറമ്പോ സൂക്ഷിക്കുന്നതിനായി ഒരാൾ ഉണ്ടായിരിക്കേണ്ടതും അയാൾ ദഹിപ്പിക്കുകയോ മറവ് ചെയ്യുകയോ ചെയ്യുന്ന ഓരോ മൃതദേഹവും ആരുടെയെന്നും, ആരു കൊണ്ടുവന്നു എന്നും എപ്പോൾ എങ്ങനെ ദഹിപ്പിച്ചു/മറവു ചെയ്തുവെന്നും രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അനുബന്ധം (1) കാണുക.

B) അസ്വാഭാവിക മരണം സംഭവിച്ച വ്യക്തിയുടെ മൃതദേഹങ്ങൾ മറവ് ചെയ്യുന്നതിനോ ദഹിപ്പിക്കുന്നതിനോ മുമ്പായി മൃതദേഹം കൊണ്ടുവരുന്ന ഉത്തരവാദപ്പെട്ട ആൾ, മരണകാരണം വ്യക്തമാക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പും, ബന്ധപ്പെട്ട പോലീസ് അധികാരിയിൽ നിന്നും മൃതദേഹം ദഹിപ്പിക്കുന്നത് സംബന്ധിച്ച് നിരാക്ഷേപപത്രവും ബന്ധുക്കളുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും ശ്മശാനം സൂക്ഷിപ്പുകാരൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങുകയും മരണകാരണം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

C) എന്നാൽ വാർദ്ധക്യ സഹജമായ കാരണത്താലോ ദീർഘനാളത്തെ ചികിത്സയിൽ കഴിയുകയും മരണം സ്വാഭാവികമായി സംഭവിക്കുകയും ചെയ്യുന്ന സംഗതിയിൽ മൃതദേഹങ്ങൾ കൊണ്ടുവരുന്ന ഉത്തരവാദപ്പെട്ട ആൾ മരണകാരണം വ്യക്തമാക്കുന്ന ഒരു ഡിക്ലറേഷൻ ബന്ധുക്കളാൽ നൽകിയാൽ മതിയാകുന്നതാണ്. അനുബന്ധം (2) കാണുക.

9) ഒരേ കുഴിയിൽ ഒരേ സമയം ഒന്നിലധികം മൃതദേഹമോ ശരീര ഭാഗങ്ങളോ ദഹിപ്പിക്കുകയോ മറവ് ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

10) മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന സംഗതിയിൽ പൂർണ്ണമായും ദഹിപ്പിക്കപ്പെടുന്നുവെന്ന് ശ്മശാന ജീവനക്കാരൻ ഉറപ്പുവരുത്തേണ്ടതും മൃതദേഹത്തിന്റെ ഉത്തരവാദിത്വപ്പെട്ടവർ ആയത് ഉറപ്പാക്കേണ്ടതുമാണ്.

11) മൃതദേഹങ്ങൾ ശ്മശാനത്തിലോ ശവപ്പറമ്പിലോ കൊണ്ടുവന്ന ശേഷം വിവസ്ത്രമാക്കാനോ ഏതെങ്കിലും ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല.

12) സെക്രട്ടറിയുടെ മുൻകൂർ അനുമതി ഇല്ലാതെ യാതൊരു മൃതദേഹങ്ങളും ശരീരഭാഗങ്ങളും ഫ്രീസറോടുകൂടിയ മോർച്ചറിയിലോ, ഫ്രീസറിലോ അല്ലാതെ യാതൊരു പരിസരത്തും സൂക്ഷിച്ചുവെക്കാവുന്നതല്ല.

13) അപായകരമായ രോഗങ്ങൾ പിടിപ്പെട്ട ആളുടെ മൃതദേഹം എത്രയും പെട്ടെന്ന് സംസ്ക്കരിക്കേണ്ടതും അപായകരമായ രോഗം പകരുന്നത് തടയേണ്ടതിലേക്കാവശ്യമായ എല്ലാ മുൻകരുതലുകളും എടുക്കേണ്ടതാണ്.

14) മൃതദേഹങ്ങൾ മറവ് ചെയ്യുന്നതിനായി ശവക്കല്ലറകൾ ഉണ്ടാക്കുന്ന സംഗതിയിൽ അവ നിർമ്മിക്കുന്നത് ഒരേ രേഖയിൽ ആയിരിക്കേണ്ടതും അവ ഉറപ്പുള്ള വസ്തുക്കളാൽ നിർമ്മിച്ചതും കാറ്റോ വെളിച്ചമോ പ്രവേശിക്കാത്ത വിധത്തിലോ ആയിരിക്കേണ്ടതാണ്.



Scanned by CamScanner